"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല - മലബാർ റിവർ ഫെസ്റ്റിവൽ - അന്താരാഷ്ട്ര കയാക്കിംഗ് ഫെസ്റ്റിവൽ - തദ്ദേശ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്. എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1771/2025/LSGD തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:- 1. തിരുവമ്പാടി എം.എൽ.എ. സമർപ്പിച്ച 03.07.2025 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചാലിപ്പുഴ, ഇരുവഴിഞ്ഞി പുഴകളിൽ 2025 ജൂലൈ 24 മുതൽ 27 വരെ ക്രമീകരിച്ചിരിക്കുന്ന മലബാർ റിവർ ഫെസ്റ്റിവൽ അതിന്റെ ഭാഗമായുള്ള പ്രീ ഇവന്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് തിരുവമ്പാടി നിയോജക മണ്ഡലത്തിൽപ്പെട്ട വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് തിരുവമ്പാടി എം.എൽ.എ. പരാമർശിത കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ റിവർ ഫെസ്റ്റിവൽ പ്രസ്തുത ഫെസ്റ്റിവലിന്റെ ഭാഗമായുള്ള പ്രീഇവന്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, കൊടിയത്തൂർ, കാരശ്ശേരി , ചക്കിട്ടപ്പാറ , ഓമശ്ശേരി, പെരുമണ്ണ ഗ്രാമപഞ്ചായത്തുകൾ , മുക്കം നഗരസഭ എന്നീ തദ്ദേശ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി ഒരു ലക്ഷം രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 18-07-2025 13:06:34

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.